# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3356 21.12.2012- ൽ മറുപടിക്ക്

## <u>കശുവണ്ടി ഉല്പാദനം</u>

**ചോദ്യം**

ശ്രീ. രാജു എബ്രഹാം

**മറുപടി**

ശ്രീ. കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

എ) സംസ്ഥാനത്തെ കശുമാവിൻ തോട്ടങ്ങളിൽ നിന്നുള്ള കഴിഞ്ഞ അഞ്ചു വർഷത്തെ കശുവണ്ടി ഉല്പാദനം സംബന്ധിച്ച വിവരം വിശദമാക്കുമോ;

എ) 2006-07 മുതൽ 2010-11 വരെയുള്ള കഴിഞ്ഞ 5 വർഷകാലയളവിലെ കശുവണ്ടി ഉല്പാദനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഉല്പാദനം (ടൺ) | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 2006-07 | 61680 | 70463 |
| 2007-08 | 52402 | 58381 |
| 2008-09 | 42334 | 53007 |
| 2009-10 | 35818 | 48972 |
| 2010-11 | 34752 | 43848 |

ബി) ഒരു ഏക്കർ സ്ഥലത്ത് നിന്ന് ശരാശരി എത്ര ടൺ കശുവണ്ടി ഉല്പാദിപ്പിക്കാമെന്ന് വ്യക്തമാക്കുമോ ;

ബി) നിലവിലുള്ള ഉല്പാദനക്ഷമത ഏക്കറിന് 317.2 കി.ഗ്രാം എന്നതാണ്. എന്നാൽ ശാസ്ത്രീയ കൃഷി രീതികളും പുതിയ ഇനങ്ങളും അനുവർത്തിക്കുകയാണെങ്കിൽ അത് ഏക്കറിന് ഇരട്ടിയിൽ അധികമാക്കാവുന്നതാണ്.

സി) സംസ്ഥാനത്ത് കശുമാവ് കൃഷി ചെയ്യുന്ന തോട്ടങ്ങൾ എത്രയെന്നും മൊത്തം എത്ര ഏക്കറെന്നും വിശദമാക്കുമോ;

സി) 2010-11 - ലെ കണക്കുകൾ പരിശോധിച്ചാൽ കശുമാവിന്റെ ആകെ വിസ്തീർണ്ണം 109620 ഏക്കറാണ്. ഇതിൽ തോട്ടങ്ങൾ എത്രയാണ് എന്ന വിവരം കണക്കാപ്പെട്ടിട്ടില്ല.

ഡി) നിലവിൽ കശുമാവ് കൃഷി ചെയ്തുവരുന്ന തോട്ടങ്ങളിൽ നിന്നും ഉത്പാദിപ്പിക്കാവുന്ന പരമാവധി കശുവണ്ടി എത്രയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ ;

ഡി) നിലവിൽ കശുമാവ് കൃഷി ചെയ്തു വരുന്ന തോട്ടങ്ങളിൽ മേൽത്തരം കശുമാവിനങ്ങളായ പ്രിയങ്ക, ധരശ്രീ, അമൃത, മാടക്കത്തറ-11 തുടങ്ങിയ ഇനങ്ങൾ സാന്ദ്രത കൂടിയ കൃഷി രീതി അവലംബിച്ച് ശരിയായ

| | | | |
|---|---|---|---|
| | | | രീതിയിൽ കള നിയന്ത്രണവും, വളപ്രയോഗവും, സസ്യസംരക്ഷണ വും നൽകിയാൽ ഉല്പാദനം നിലവിലുള്ളതിന്റെ 3-4 ഇരട്ടി വരെ വർദ്ധിപ്പിക്കാം എന്നു പഠനങ്ങൾ തെളിയിക്കുന്നു. |
| ഇ | സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന കശു വണ്ടിയുടെ എത്ര ശതമാനം തോട്ടങ്ങ ളിൽ നിന്നു മാത്രമായി ലഭിക്കുന്നുണ്ട്; തോട്ടങ്ങളിൽ നിന്നല്ലാതെ നാമമാത്ര കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന കശു വണ്ടി എത്രയാണ്? | ഇ | സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന മൊത്തം കശുവണ്ടിയുടെ 75 ശതമാനം തോട്ടങ്ങളിൽ നിന്ന് ഉല്പാദിപ്പിക്കുന്നതായി കണക്കാക്കാ വുന്നതാണ്. |

സെക്ഷൻ ഓഫീസർ